# പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2017 മേയ് 24-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

735/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച പതിനാലാം സബ്ജക്ട് കമ്മിറ്റിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തരകാര്യങ്ങൾ)-ന്റെ ഒന്നാമത് റിപ്പോർട്ട് 26-9-2016-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 6-2-2017, 17-5-2017 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും, രണ്ടാം ഭാഗത്തിൽ മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2017 മേയ് 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**പിണറായി വിജയൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2017 മേയ് 17.

# റിപ്പോർട്ട്

## ഭാഗം 1

## 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

### ശിപാർശ

2051—പബ്ലിക് സർവ്വീസ് കമ്മീഷൻ

2051-00-102-99-പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ തുക സമിതി പരിശോധിച്ചു. പാർട്ട്-ടൈം ജീവനക്കാരുടെയും ദിവസവേതനക്കാരുടെയും വേതനം, പരീക്ഷാ നടത്തിപ്പുമായും ഇന്റർവ്യൂ സംബന്ധമായുമുള്ള ജീവനക്കാരുടെയും കമ്മീഷൻ അംഗങ്ങളുടെയും വിഷയ വിദഗ്ദ്ധരുടെയും യാത്രാചെലവുകൾ, കമ്മീഷന്റെ ഓഫീസുകളുടെയും ചെയർമാന്റെ ഔദ്യോഗിക വസതിയുടെയും വാടക, പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവുകൾ എന്നീയിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 02-വേതനം എന്നയിനത്തിൽ 50 ലക്ഷം രൂപയും 04-യാത്രാചെലവിൽ യാത്രാബത്ത എന്നയിനത്തിൽ 25 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ഇനത്തിൽ 27 ലക്ഷം രൂപയും 07-പ്രസിദ്ധീകരണങ്ങൾ എന്നയിനത്തിൽ 38,50,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

### സർക്കാർ സ്വീകരിച്ച നടപടി

2051-00-102-99-PSC എന്ന ശീർഷകത്തിൽ 2016-17 വർഷത്തിൽ അധികമായി താഴെപ്പറയുന്ന തുക അനുവദിച്ചിട്ടുണ്ട്:

| ശീർഷകം | ബജറ്റ് വിഹിതം (2016-17) | ശിപാർശ ചെയ്ത തുക | അധികമായി അനുവദിക്കപ്പെട്ട തുക (2016-17) |
|---|---|---|---|
| 2051-00-102-99-PSC-02 | 2,17,93,000 | 50,00,000 | 50,00,000 |
| 2051-00-102-99-PSC-04-LTC | 8,12,000 | 25,00,000 | 1,50,000 |
| 2051-00-102-99-PSC-06 | 1,23,00,000 | 27,00,000 | 25,51,000 |
| 2051-00-102-99-PSC-07 | 10,00,000 | 38,50,000 | 10,00,000 |

## ശിപാർശ

50 ലക്ഷത്തോളം ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷകൾ, ശാരീരികക്ഷമതാ പരിശോധന, ഡ്രൈവിംഗ് ടെസ്റ്റ് തുടങ്ങിയവ ഈ സാമ്പത്തിക വർഷം നടത്തേണ്ടതുള്ളതിനാൽ '28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ' എന്ന ഇനത്തിൽ 10 കോടി രൂപയും '34-മറ്റുചെലവുകൾ' എന്ന ഇനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

## സർക്കാർ സ്വീകരിച്ച നടപടി

2051-00-102-99-PSC എന്ന ശീർഷകത്തിൽ 2016-17 വർഷത്തിൽ അധികമായി താഴെപ്പറയുന്ന തുക അനുവദിച്ചിട്ടുണ്ട്:

| ശീർഷകം | ബജറ്റ് വിഹിതം (2016-17) | ശിപാർശ ചെയ്ത തുക | അധികമായി അനുവദിക്കപ്പെട്ട തുക (2016-17) |
|---|---|---|---|
| 2051-00-102-99-PSC '28' -തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ | 15,50,00,000 | 10,00,00,000 | 14,08,52,000 |
| 2051-00-102-99-PSC '34' - മറ്റ് ചെലവുകൾ | 6,15,00,000 | 2,00,00,000 | 3,00,00,000 |

(ഖണ്ഡിക 4, 5-സർക്കാർ കത്ത് നം. സ്പെ. ഇ 1/123/2016/പൊ.ഭ.വ., തീയതി 17-5-2017)

## ശിപാർശ

2052-00-092-93—<u>കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി</u>

04-2-<u>സ്ഥലംമാറ്റ ബത്ത</u>

2016-17 സാമ്പത്തിക വർഷം രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥരടക്കം 4 പേർക്ക് സ്ഥലംമാറ്റയാത്രാബത്ത അനുവദിച്ചതിനാൽ ഈ ശീർഷകത്തിൽ 14,742 രൂപ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും, നിലവിൽ 3 പേരുടെ സ്ഥലംമാറ്റ ഉത്തരവുകൾ പ്രകാരം യാത്രാ ബത്ത അനുവദിക്കേണ്ടതായിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

സ. ഉ. (സാധാ) 8346/2016/ഫിൻ., തീയതി 21-10-2016 പ്രകാരം 2052-00-092-93-കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി 04-2-സ്ഥലംമാറ്റ ബത്ത എന്ന ശീർഷകത്തിൽ 5,00,000 (അഞ്ച് ലക്ഷം) രൂപ അധിക തുകയായി വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2052-00-092-93-05 — ഓഫീസ് ചെലവുകൾ

1 - വെള്ളക്കരം

എൻ.ഡി.എം.സി. വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ശരാശരി ഒരു മാസം 1,86,000 രൂപയോളം വെള്ളക്കരമിനത്തിൽ അടയ്ക്കേണ്ടി വരുന്നതിനാൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 05-1- വെള്ളക്കരം എന്ന ഇനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

സ. ഉ. (സാധാ) 7479/2016/ഫിൻ., തീയതി 9-9-2016 പ്രകാരം 2052-092-93-05-ഓഫീസ് ചെലവുകൾ - 1 - വെള്ളക്കരം എന്ന ശീർഷകത്തിൽ 6,00,000 (ആറു ലക്ഷം) രൂപ അധികതുകയായി വകയിരുത്തിയിരുന്നു. തുടർന്ന് സ.ഉ. (സാധാ) 9885/16/ഫിൻ., തീയതി 22-12-2016 പ്രകാരം ടി ശീർഷകത്തിൽ 11,00,000 (പതിനൊന്ന് ലക്ഷം) രൂപ കൂടി പുനർ വിനിയോഗം വഴി വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം ആകെ 17,00,000 (പതിനേഴ് ലക്ഷം) രൂപ 2052-092-93-05-ഓഫീസ് ചെലവുകൾ - 1 വെള്ളക്കരം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഖണ്ഡിക 10, 11-സർക്കാർ കത്ത് നം. 179/പൊളി.4/16/പൊ.ഭ.വ. തീയതി 8-2-2017)

ശിപാർശ

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

നടപ്പ് സാമ്പത്തിക വർഷം വിവരാവകാശ കമ്മീഷന് ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീയിനങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ

05-3-ടെലഫോൺ ചെലവ് എന്ന ഇനത്തിലും 21-2- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിലും ഒരു ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരാവകാശ കമ്മീഷനിൽ ഇപ്പോൾ 5 കമ്മീഷണർമാരുടെ ഒഴിവുകൾ നിലവിലുള്ളതിനാൽ 2016-17 വർഷത്തിൽ 05-3-ടെലഫോൺ ചെലവ്, 21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ 3 വാഹനങ്ങൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരാവകാശ കമ്മീഷണർമാരുടെ നിലവിലുള്ള 5 ഒഴിവുകളിലേക്ക് പുതിയ അംഗങ്ങൾ നിയമിതരാകാത്ത സാഹചര്യത്തിൽ പുതുതായി വാഹനം വാങ്ങേണ്ട ആവശ്യം വന്നില്ല. ആയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക 12, 13 - സർക്കാർ കത്ത് നം. സി.ഡി.എൻ 5/9/2017/പൊ.ഭ.വ., തീയതി 17-5-2017)

<u>ശിപാർശ</u>

2052-00-090-73—<u>പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് -</u>

36 - <u>സഹായധനം</u>

നടപ്പ് വർഷം ലക്ഷ്യമിട്ടിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1,43,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നശേഷം നടപ്പാക്കാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. 2016-17 വർഷം 140 നിയോജക മണ്ഡലങ്ങളിലെയും 5 സ്കൂളുകളിൽ വീതവും എല്ലാ ജില്ലകളിലെയും ഓരോ കോളേജിലും വീതവും സെമിനാർ നടത്തുവാനായിരുന്നു ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇതിനായി 82 സ്കൂളുകൾ മാത്രമേ തെരഞ്ഞെടുക്കുവാൻ സാധിച്ചുള്ളൂ. ആയതിൽതന്നെ 37 സ്കൂളുകളിലും 6 കോളേജുകളിലും മാത്രമാണ് സെമിനാർ സംഘടിപ്പിച്ചതായി റിപ്പോർട്ട് ലഭിച്ചത്. ആയതിന്റെ ഫണ്ടും കൈമാറിയിട്ടുണ്ട്. സ്കൂളുകളിൽ സെമിനാർ സംഘടിപ്പിച്ച ശേഷം ചെലവ് വിവര റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കാണ് ഫണ്ട് കൈമാറുന്നത്. 2016-17 അദ്ധ്യയന വർഷം മാർച്ചിൽ അവസാനിച്ചതിനാൽ ഇനിയും കൂടുതൽ സ്കൂളുകളിൽ സെമിനാർ നടത്താൻ കഴിയില്ല. ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച വിഹിതത്തിൽ നിന്നും ഈ പദ്ധതിക്കായി 8,50,000 രൂപ മാത്രമേ ചെലവായിട്ടുള്ളൂ. മൊത്തം ഗ്രാന്റ്-ഇൻ-എയ്ഡിൽ 73,21,610 രൂപ മാത്രമേ ചെലവായിട്ടുള്ളൂ. സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ ഇനിയും അധിക തുക അനുവദിക്കേണ്ട ആവശ്യമില്ലെന്നു കാണുന്നു. കൂടാതെ അടുത്ത അദ്ധ്യയന വർഷാരംഭം മുതൽ ഇതേ പദ്ധതി തുടർന്നു കൊണ്ടുപോകുന്നതിനായി 2017-18 ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അധികമായി ആവശ്യപ്പെട്ട തുക വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യങ്ങളിൽ സമിതി ശിപാർശ ചെയ്ത പ്രകാരം 1,43,50,000 രൂപ കൂടി അധികമായി അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് സമർപ്പിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. പാ.കാ.വ. എ 2/346/2016-പാ.കാ.വ, തീയതി 15-5-2017)

<u>ശിപാർശ</u>

2052-00-090-66—<u>സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻ ഹൗസ് ട്രെയിനിംഗ്</u>

നിശ്ചയിച്ചിട്ടുള്ള പരിശീലന പരിപാടികൾ സുഗമമായി നടത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 8,89,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബജറ്റ് വിഹിതമായ 4 ലക്ഷം രൂപ വിനിയോഗിച്ചുതീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നം. എ.ആർ.11-1/45/2016/ഉ.ഭ.പ.വ, തീയതി 16-2-2017)

<u>ശിപാർശ</u>

2052-00-090-95—<u>നിയമവകുപ്പ്</u>

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 4,50,000 രൂപ |
| 04-1—യാത്രാബത്ത | - | 2,70,000 രൂപ |
| 04-4—അവധി യാത്രാനുകൂല്യം | - | 9,00,000 രൂപ |
| 04-02—സ്ഥലംമാറ്റബത്ത | - | 1,45,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 48,000 രൂപ |

(ഖണ്ഡിക 16)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ ക്രമ നമ്പർ 16-ൽ നിയമ വകുപ്പിനെ സംബന്ധിച്ച് "2052-00-090-95" എന്ന ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള വിഹിതം 16,84,88,000 രൂപ പര്യാപ്തമല്ലെന്ന് ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതി വിലയിരുത്തുകയും താഴെപ്പറയുംപ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

| | | |
|---|---|---|
| 01-4—മെഡിക്കൽ റീ-റീഇംബേഴ്സ്മെന്റ് | - | 4,50,000 രൂപ |
| 04-1—യാത്രാബത്ത | - | 2,70,000 രൂപ |
| 04-4—അവധി യാത്രാനുകൂല്യം | - | 9,00,000 രൂപ |
| 04-02—സ്ഥലംമാറ്റ ബത്ത | - | 1,45,000 രൂപ |
| 21-2—മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 48,000 രൂപ |

ബഹുമാനപ്പെട്ട വിഷയനിർണ്ണയ സമിതിയുടെ മേൽശിപാർശയുടെ അടിസ്ഥാനത്തിൽ "2052-00-090-95" എന്ന പ്രധാന കണക്ക് ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ഉപ കണക്ക് ശീർഷകങ്ങളിൽ നിയമ വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് 23-11-2016-ലെ 23945/ അക്കൗണ്ട്സ്/2016/നിയമം നമ്പരായി അനൗദ്യോഗിക കുറിപ്പ് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 23134/പാർല./2016/നിയമം തീയതി; 11-5-2017)

<u>ശിപാർശ</u>

3451-00-101-87 (01)—<u>വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി (പദ്ധതി)</u>

സംസ്ഥാനത്തിന്റെ ഐ.ടി. നയം വിഭാവനം ചെയ്യുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി 149 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ഐ.ടി മിഷന്റെ വിവിധ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം 3451-00-101-87-01 എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ 34.8 കോടി രൂപ അനുവദിക്കാതെ ശേഷിച്ച സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല. 2017-18 വർഷത്തേക്ക് 99.43 കോടി രൂപ കേരള സംസ്ഥാന ഐ.ടി. മിഷന്റെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

3451-00-101-52—<u>അക്ഷയ പദ്ധതി (പദ്ധതി)</u>

അക്ഷയ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

അക്ഷയ പദ്ധതിയുടെ നടത്തിപ്പിന് 2016-17 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിച്ചുനൽകുകയുണ്ടായി. ടി തുക പര്യാപ്തമായി വന്ന സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല. 2017-18 വർഷത്തേക്ക് 5 കോടി രൂപ അക്ഷയ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ഖണ്ഡിക 19-20, സർക്കാർ കത്ത് നം. ഐ.റ്റി.സി. 1/193/2016/വി.സാ.വ., തീയതി 15-5-2017)

ശിപാർശ

3451-00-101-39—യുവസംരംഭകത്വ പദ്ധതി (പദ്ധതി)

യുവസംരംഭകത്വ വികസന പദ്ധതിയിൽ പുതുതായി 4 ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2580 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി യുവജന സംരംഭകത്വ വികസന പദ്ധതിയിൽ 4 ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും അതിനായി 25.80 കോടി രൂപ കൂടി അധികമായി വകയിരുത്തുവാനുമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പുതുക്കിയ ബഡ്ജറ്റിൽ അവ ഉൾക്കൊള്ളിക്കുകയോ അധികമായി തുക വകയിരുത്തുകയോ ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ, വിഷയനിർണ്ണയ സമിതി XIV-ന്റെ ഒന്നാമത് റിപ്പോർട്ടിലെ 21-ാം ഖണ്ഡികയിലെ ശിപാർശയുടെ വെളിച്ചത്തിൽ, ടെക്നോളജി കൊമേഴ്സ്യലൈസേഷൻ പ്ലാറ്റ്ഫോം, ഓപ്പൺ ഇന്നവേഷൻ / കൊളാബറേഷൻ സ്പേസ്, കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട്, 100 ഇന്നവേറ്റീവ് ആശയങ്ങളുടെ പ്രൊമോഷൻ എന്നീ നാലു ഘടകങ്ങൾ കൂടി യുവസംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിനും 3451-00-101-39 ശീർഷകത്തിൽ വകയിരുത്തിയ 40 കോടി രൂപ കൂടാതെ 25.80 കോടി രൂപ കൂടി അധികമായി വകയിരുത്തുന്നതിനുമുള്ള നിർദ്ദേശം കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നും ലഭിക്കുകയും സർക്കാർ ആയത് വിശദമായി പരിശോധിക്കുകയും, യുവസംരംഭകത്വ വികസന പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന 40 കോടിയിൽ നിന്നും ചെലവ് വഹിക്കണമെന്ന വ്യവസ്ഥയിൽ 22-3-2017-ലെ സ.ഉ (സാധാ) നം. 78/2017/വി.സ.വ. ഉത്തരവ് പ്രകാരം മേൽ നാല് ഘടകങ്ങൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ഐ.റ്റി സെൽ 2/334/2016-വി.സാ.വ., തീയതി 2-5-2017)

<u>ശിപാർശ</u>

2014-00-114-99 —<u>ലാ ഓഫീസർമാർ</u>

വിവിധ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയുണ്ടായി. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 04-4—അവധി യാത്രാനുകൂല്യം | - | 4,90,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 1,00,000 രൂപ |
| 05-4—മറ്റിനങ്ങൾ | - | 5,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 2,00,000 രൂപ |

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മേജർ ഹെഡ്-2014-00—114-99 <u>ലോ ഓഫീസർമാർ</u>

1. 4-04 - <u>അവധി യാത്രാനുകൂല്യം</u>

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ചോദിച്ചത് 5,00,000 രൂപയാണ്. എന്നാൽ 10,000 രൂപയാണ് വിഹിതമായി അനുവദിച്ചത്. പിന്നീട് 30-9-2016-ലെ സർക്കാർ ഉത്തരവ് (സാധാ) 7894/2016/ധനകാര്യം പ്രകാരം 20,000 രൂപ അധികം വിഹിതമായി അനുവദിച്ചു. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 14,566 രൂപ ചെലവായിട്ടുണ്ട്. ഇനി ഈ ശീർഷകത്തിൽ ബാക്കി ശേഷിപ്പ് തുക 15,434 രൂപയാണ്. ആവശ്യത്തിന് ഫണ്ട് ഇല്ലാത്തതിനാൽ ഏകദേശം 1,40,000 രൂപയുടെ ബിൽ കടിശ്ശിക ഉണ്ട്.

| | | |
|---|---|---|
| ബജറ്റ് വിഹിതം | - | 30,000 രൂപ |
| ചെലവായ തുക | - | 14,566 രൂപ |
| ശേഷിപ്പ് തുക | - | 15,434 രൂപ |

2. 05-3— <u>ടെലഫോൺ ചെലവ്</u>

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ചോദിച്ചത് 35,83,000 രൂപയാണ്. എന്നാൽ 10,00,000 രൂപയാണ് വിഹിതമായി

അനുവദിച്ചത്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 4,70,531 രൂപ ചെലവായിട്ടുണ്ട്. ഇനി ഈ ശീർഷകത്തിൽ ബാക്കി ശേഷിപ്പ് തുക 5,29,469 രൂപയാണ്.

| | | |
|---|---|---|
| ബജറ്റ് വിഹിതം | - | 10,00,000 രൂപ |
| ചെലവായ തുക | - | 4,70,531 രൂപ |
| ശേഷിപ്പ് തുക | - | 5,29,469 രൂപ |

3. 05-4—മറ്റിനങ്ങൾ

2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ചോദിച്ചത് 1,50,00,000 രൂപയാണ്. എന്നാൽ 50,00,000 രൂപയാണ് വിഹിതമായി അനുവദിച്ചത്. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 34,32,995 രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഈ ഓഫീസിലേക്ക് 20 കമ്പ്യൂട്ടറുകളും 6 പ്രിന്ററുകളും ഒരു മൾട്ടി ഫങ്ഷണൽ പ്രിന്ററും വാങ്ങുവാനുള്ള ഭരണാനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. ഇവയുമാത്രം ഏകദേശം 9,00,000 രൂപ ചെലവ് വരും. ഈ ശീർഷകത്തിലെ ശേഷിപ്പ് തുകയായ 15,67,005 രൂപ ഉൾപ്പെടെ ഇനിയുള്ള മാസങ്ങളിലെ ചെലവിന് തികയാതെ വരും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ഏകദേശം 55,00,000 രൂപ ചെലവായിട്ടുണ്ട്.

| | | |
|---|---|---|
| ബജറ്റ് വിഹിതം | - | 50,00,000 രൂപ |
| ചെലവായ തുക | - | 34,32,995 രൂപ |
| ശേഷിപ്പ് തുക | - | 15,67,005 രൂപ |

4. 21 —മോട്ടോർവാഹനങ്ങൾ-2-സംരക്ഷണവും അറ്റകുറ്റപ്പണിയും

ഈ ഓഫീസിൽ നിലവിൽ ഒരു മോട്ടോർ സൈക്കിൾ അടക്കം 13 വാഹനങ്ങളാണുള്ളത്. ഇവയിൽ 6 എണ്ണം അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ 1 & 2, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, സ്റ്റേറ്റ് അറ്റോണി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങളാണ്. മറ്റ് വാഹനങ്ങളിൽ നാലെണ്ണം ലോ ഓഫീസർമാരുടെ വസതികളിൽ കേസ് ഫയലുകൾ വിതരണം ചെയ്യുന്നതിനും മോട്ടോർ സൈക്കിൾ തിരുവനന്തപുരം ഓഫീസിലും ഉപയോഗിക്കുന്നു. ഈ ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത് 7,00,000 രൂപയാണ്. ഇതുവരെ ചെലവായ തുക 3,10,468 രൂപയാണ്. ബാക്കി ശേഷിപ്പ് തുക 3,89,532 രൂപയാണ്.

| | | |
|---|---|---|
| ബജറ്റ് വിഹിതം | - | 7,00,000 രൂപ |
| ചെലവായ തുക | - | 3,10,468 രൂപ |
| ശേഷിപ്പ് തുക | - | 3,89,532 രൂപ |

ആയതിനാൽ വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്ത അധിക തുക താഴെപ്പറയുന്ന ഓരോ ശീർഷകത്തിലും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു:

1. 4-04—അവധി യാത്രാനുകൂല്യം - 4,90,000 രൂപ
2. 05-3— ടെലഫോൺ ചെലവ് - 1,00,000 രൂപ
3. 05-4—മറ്റിനങ്ങൾ - 5,00,000 രൂപ
4. 21-2— മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും - 2,00,000 രൂപ

<u>ശിപാർശ</u>

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

28—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർമാരുടെ പ്രതിഫലം, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ് എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,95,72,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹെഡ് ഓഫ് അക്കൗണ്ട്—<u>2014-00-114-98</u>

നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിൽ "2014-00-114-98 ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും" എന്ന ശീർഷകമാണ് കൈകാര്യം ചെയ്യുന്നത്. പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരം നിയമ സെക്രട്ടറിയിൽ നിക്ഷിപ്തമാണെങ്കിലും ടി ശീർഷകത്തിൽ അനുവദിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് അതത് ജില്ലാകളക്ടർമാരിലാണ്. ടി ശീർഷകത്തിൽ നിന്നും ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും നൽകുന്നതോടൊപ്പം തന്നെ 01-Salaries എന്ന ഉപ ശീർഷകത്തിൽ ജില്ലാ ഗവ. പ്ലീഡർമാരുടെ ഓഫീസുകളിൽ

നിയമിച്ചിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളവും, 2014-ൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച 14 ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള ദിവസവേതനവും, ഇന്ധനച്ചെലവും നൽകിവരുന്നു.

കേരള നിയമസഭയുടെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി-XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ക്രമ നമ്പർ 23-ൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിനെ സംബന്ധിച്ച് കൈകാര്യം ചെയ്യുന്ന "2014-00-114-98-28" എന്ന ശീർഷകത്തിൻകീഴിൽ അനുവദിച്ചിട്ടുള്ള 5,00,00,000 (അഞ്ച് കോടി രൂപ മാത്രം) അപര്യാപ്തമാണെന്ന് വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1,95,72,000 (ഒരു കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) അധിക തുക അനുവദിക്കണമെന്നും ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

ബഹു. വിഷയനിർണ്ണയ സമിതിയുടെ മേൽശിപാർശയുടെ അടിസ്ഥാനത്തിൽ "2014-00-114-98-28" എന്ന ശീർഷകത്തിൻകീഴിൽ വരുന്ന ബന്ധപ്പെട്ട ഉപശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് 14-12-2016-ലെ 23651/എം.സി1/2016/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(ഖണ്ഡിക 22-23-സർക്കാർ കത്ത് നമ്പർ 23134/പാർല./2016/നിയമം, തീയതി 11-5-2017.)

<u>ശിപാർശ</u>

2014-00-114-93—<u>കേരള സംസ്ഥാന നിയമ സഹായ സമിതി</u>

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 01-4— മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,00,000 രൂപ |
| 02—വേതനം | - | 2,50,000 രൂപ |
| 04-1— യാത്രാബത്ത | - | 1,50,000 രൂപ |
| 04-02—സ്ഥലംമാറ്റബത്ത | - | 1,00,000 രൂപ |
| 05-1—വെള്ളക്കരം | - | 50,000 രൂപ |

| | | |
|---|---|---|
| 05-2—വൈദ്യുത ചെലവ് | - | 2,00,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 3,00,000 രൂപ |
| 05-4 —മറ്റിനങ്ങൾ | - | 3,00,000 രൂപ |
| 06—വാടക, കരം, നികുതി | - | 10,00,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | - | 20,00,000 രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ | - | |
| സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 1,00,000 രൂപ |
| 34—മറ്റ് ചെലവുകൾ | - | 6,00,00,000 രൂപ |

(ഖണ്ഡിക 24)

## സർക്കാർ സ്വീകരിച്ച നടപടി

2014-00-114-93-കെൽസ എന്ന ശീർഷകത്തിൽ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വേതനം, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വെള്ളക്കരം, വൈദ്യുത ചെലവ്, ടെലഫോൺ ചെലവ്, ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ, വാടക-കരം-നികുതി, മോട്ടോർ വാഹനങ്ങൾ - വാങ്ങൽ, സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ എന്നീ ഇനങ്ങളിലായി ആകെ 6,47,50,000 രൂപ കൂടി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

തുടർന്ന് 31-8-2016-ലെ 3050/16/എ/കെൽസ കത്ത് പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത, വൈദ്യുത ചെലവ്, മറ്റിനങ്ങൾ, വാടക, മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിലായി 2014-00-114-93-കെൽസ എന്ന ശീർഷകത്തിൽ 14,92,000 രൂപയുടെ അധിക ധനാനുമതിക്കായി നിർദ്ദേശം സമർപ്പിച്ചിരുന്നു. ഇതിൽ 30-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 7889/16/ധന. അനുസരിച്ച് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2,00,000 രൂപയുടെ അധിക ധനാനുമതി ലഭിക്കുകയുണ്ടായി.

9-9-2016 ലെ 3050/16/എ/കെൽസ കത്ത് പ്രകാരം 2014-00-114-93-കെൽസ-34-മറ്റ് ചെലവുകൾ എന്ന ഇനത്തിൽ മീഡിയേറ്റർമാർക്ക് ഓണറേറിയം നൽകുന്നതിനുവേണ്ടി 6,00,00,000 രൂപയുടെ അധിക ധനാനുമതിക്കായി നിർദ്ദേശം സമർപ്പിച്ചതിനെത്തുടർന്ന് 27-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 1131/16/നിയമം അനുസരിച്ച് നിലവിലുള്ള ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീരുന്ന മുറയ്ക്ക് അധിക ധനാനുമതിക്കായി നിർദ്ദേശം സമർപ്പിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്

13-12-2016-ലെ 3050/16/എ കെൽസ കത്തു പ്രകാരം സമർപ്പിച്ച നിർദ്ദേശത്തിന്മേൽ 31-12-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 10124/16/ധന. അനുസരിച്ച് പ്രസ്തുത ശീർഷകത്തിൽ 1,20,00,000 രൂപയുടെ അധിക ധനാനുമതി ലഭിക്കുകയുണ്ടായി.

21-1-2017-ലെ 3050/16/എ കെൽസ കത്തു പ്രകാരം 2014-00-114-93-കെൽസ-21-1 വാഹനം വാങ്ങൽ എന്ന ഇനത്തിൽ 20,00,000 രൂപ 2016-17-ലെ സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ് അവസാന ബാച്ചിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

14-12-2016-ലെ 3050/16/എ കെൽസ കത്തിനെത്തുടർന്ന് 10-1-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 201/2017/ധന. പ്രകാരം യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാടക, മോട്ടോർ വാഹനം - അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങൾക്കായി 7,85,000 രൂപയുടെ അധിക ധനാനുമതി ലഭിക്കുകയുണ്ടായി.

## ശിപാർശ

2014-00-114-92 —സ്ഥിര ലോക് അദാലത്ത്

ഈ ശീർഷകത്തിലെ 01-4 മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 05-3 ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിലും യഥാക്രമം ഒരു ലക്ഷം രൂപ, 50,000 രൂപ എന്നിങ്ങനെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സർക്കാർ സ്വീകരിച്ച നടപടി

പൊതു സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ടെലഫോൺ, വെള്ളം, വൈദ്യുതി, കമ്പിതപാൽ, നഗരശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷുറൻസ് എന്നീ പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കാനുള്ള സംവിധാനമാണ് സ്ഥിരം ലോക് അദാലത്ത് (പി.എൽ.എ.) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പി.എൽ.എ. ഇപ്പോൾ നിലവിലുള്ളത്. മേൽപ്പറഞ്ഞ പി.എൽ.എ.കളുടെ പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ 2014-00-114-92 എന്ന ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ടെലഫോൺ ചാർജ്ജ് എന്നീ ഇനങ്ങളിലായി 1.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. തുടർന്ന് 2016-17 വർഷത്തിലേക്ക് "2014-00-114-92" എന്ന ശീർഷകത്തിൽ പ്രസ്തുത

ഇനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുക ഏകദേശം തീർന്നതുകൊണ്ട് 23-1-2017-ലെ 3050/16/എ./കെൽസ കത്ത് പ്രകാരം മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലായി 2014-00-114-92 പി.എൽ.എ. എന്ന ശീർഷകത്തിൽ 22,000 രൂപയുടെ ധനാനുമതിക്കായി ധനകാര്യ വകുപ്പിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(ഇതിന് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ അംഗീകാരം ഉണ്ട്.)

(ഖണ്ഡിക 24, 25 - സർക്കാർ കത്ത് നമ്പർ 23965/എച്ച്1/2016/നിയമം, തീയതി 16-2-2017.)

<u>ശിപാർശ</u>

2014-00-116-99 —<u>കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി</u>

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-4— മെഡിക്കൽ റീഇംബേഴ്സ്മെന്റ് | - | 3,15,000 രൂപ |
| 04-1—യാത്രാബത്ത | - | 1,40,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 44,000 രൂപ |
| 05-4—മറ്റിനങ്ങൾ | - | 3,31,000 രൂപ |
| 18—സംരക്ഷണം | - | 99,000 രൂപ |
| 21—മോട്ടോർ വാഹനങ്ങൾ | - | 60,00,000 രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 62,000 രൂപ |
| 34-3—മറ്റിനം | - | 70,000 രൂപ |
| 45—പി.ഒ.എൽ. | - | 44,000 രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - | 13,99,000 രൂപ |

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

| ശീർഷകം | ബഡ്ജറ്റിൽ അനുവദിച്ച തുക | അധിക തുക അനുവദിച്ചത് | ഉപധനാഭ്യർത്ഥന പ്രകാരം അനുവദിച്ച തുക | ആകെ തുക | 31-3-2017 വരെ ചെലവഴിച്ച ആകെ തുക |
|---|---|---|---|---|---|
| 01-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 2,85,000 | 1,08,000 | | 3,93,000 | 3,34,211 |
| 04-1-യാത്രാബത്ത | 2,86,000 | 2,16,000 | | 5,02,000 | 4,85,806 |
| 05-3-ടെലഫോൺ ചെലവ് | 2,10,000 | 2,30,000 | | 4,40,000 | 4,20,833 |
| 05-4- മറ്റിനങ്ങൾ | 6,50,000 | 6,08,000 | | 12,58,000 | 11,92,135 |
| 18-സംരക്ഷണം | 1,000 | | | | |
| 21-1-മോട്ടോർ വാഹനങ്ങൾ | | 50,99,000 | 1,000 | 51,00,000 | 50,98,633 |
| 21-2-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും | 2,26,000 | | | 2,26,000 | 2,23,029 |
| 34-3 - മറ്റിനം | 1,30,000 | 5,000 | | 1,35,000 | 1,34,034 |
| 45-പി.ഒ.എൽ. | 4,60,000 | 90,000 | | 5,50,000 | 5,43,171 |
| 99-വിവരസാങ്കേതിക വിദ്യ | 1,000 | 4,09,000 | | 4,10,000 | 4,07,300 |

(സർക്കാർ കത്ത് നമ്പർ 1910/എ.ആർ.12 (2)/2016/ഉ.ഭ.പ.വ., തീയതി 15-5-2017)

ശിപാർശ

2015-00-103-99—നിയമസഭയും പാർലമെന്റും

ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റ (Electoral Roll Management System)ത്തിനായി ഈ വർഷം നടത്താനുദ്ദേശിച്ചിട്ടുള്ള കേന്ദ്രീകൃത ഡാറ്റാ മാനേജ്മെന്റിനും അതിന്റെ മെയിന്റനൻസിനുമായി അധിക ചെലവ് വേണ്ടിവരുമെന്നും ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഫോം വെരിഫിക്കേഷൻ ഇനത്തിൽ നൽകേണ്ട പ്രതിഫലവും ട്രെയിനിംഗ് ക്ലാസ്സിൽ പങ്കെടുത്തതിന്റെ ബത്തയും നൽകേണ്ടതുണ്ടെന്നും സമിതി മനസിലാക്കുന്നു. ആയതിനാൽ 23,56,19,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്യതിൻ പ്രകാരം തുകകൾ അനുവദിക്കുന്നതിനായി 31-12-2016 തീയതിയിലെ 5930/ഇ.എ 1/2016/ഇലക്. പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ശിപാർശ വിശദമായി പരിശോധിച്ച് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ സഹിതം അനുയോജ്യതലത്തിൽ വ്യക്തമായ ശിപാർശയോടെ ഫയൽ സമർപ്പിക്കുവാൻ 21-3-2017 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചു. 2016-17 സാമ്പത്തിക വർഷാവസാനമായതിനാൽ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ സാധിച്ചില്ല. ബൂത്ത് ലെവൽ ഓഫീസർമാർക്ക് നൽകേണ്ട പ്രതിഫലവും ബത്തയും 2016-17-ലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും നൽകാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റത്തിനായി നടത്താനുദ്ദേശിച്ച കാര്യങ്ങൾ 2017-18 സാമ്പത്തിക വർഷം നടത്താൻ 18,37,71,000 രൂപ അനുവദിക്കുന്നതിന് 28-3-2017 ന് ചേർന്ന സബ്ജക്ട് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശിപാർശ

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണം നടത്തിവരുന്ന നാഷണൽ ഇലക്ടറൽറോൾ പ്യൂരിഫിക്കേഷൻ പ്രോഗ്രാം (NERP) പ്രകാരം ഇലക്ടറൽ റോളിന്റെ ശുദ്ധീകരണ പ്രക്രിയയും 2016-17 വർഷത്തിൽ കളർ ഫോട്ടോ പതിച്ച പ്ലാസ്റ്റിക് ഇലക്ടറൽ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയയും നടന്നുവരികയാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ 7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്യതിൻ പ്രകാരം തുകകൾ അനുവദിക്കുന്നതിനായി 31-12-2016 തീയതിയിലെ 5930/ഇ.എ 1/2016/ഇലക്. പ്രകാരം ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ശിപാർശ വിശദമായി പരിശോധിച്ച് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ സഹിതം അനുയോജ്യ തലത്തിൽ വ്യക്തമായ ശിപാർശയോടെ ഫയൽ സമർപ്പിക്കുവാൻ 21-3-2017-ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചു. 2016-17 സാമ്പത്തിക വർഷാവസാനമായതിനാൽ ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ടി. ശീർഷകത്തിൽ 10 കോടി

രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ബജറ്റിൽ 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യത്തിനായി 5 കോടി രൂപ കൂടി 2017-18 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിക്കണമെന്ന് 28-3-2017 ന് ചേർന്ന സബ്ജക്ട് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഖണ്ഡിക 41,42- സർക്കാർ കത്ത് നം. 5930/ഇ.എ I/16/ഇലക്. തീയതി 12-5-2017)

<u>ശിപാർശ</u>

2015-00-101-99—<u>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

21-1 - <u>മോട്ടോർ വാഹനങ്ങൾ വാങ്ങൽ</u>

ഹൈക്കോടതി ജഡ്ജിയുടെ പദവിയുള്ള സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷണർക്ക് സംസ്ഥാനമൊട്ടാകെ സഞ്ചരിക്കേണ്ടതുണ്ടെന്നതും നിലവിൽ ഉപയോഗിക്കുന്ന വാഹനം കാലപ്പഴക്കം ഉള്ളതാണെന്നതും പരിഗണിച്ച് പുതിയ വാഹനം വാങ്ങുന്നതിന് 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് പുതിയ വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ 2015-00-101-99-21-1 എന്ന ശീർഷകത്തിൽ അനുവദിക്കാൻ ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 16-5-2017 ലെ സ.ഉ.(സാധാ) നം. 1600/2017/തസ്വഭവ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഖണ്ഡിക 43-സർക്കാർ കത്ത് നമ്പർ ഇ.എം.2/279/2016/തസ്വഭവ, തീയതി 17-5-2017)

<u>ശിപാർശ</u>

<u>2055-00-001-99—മേൽനോട്ടം</u>

05 <u>ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ</u>

പോലീസ് ആസ്ഥാനത്തേയും റേഞ്ച് ഐ.ജി. ഓഫീസുകളിലേയും വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതും മേൽ ശീർഷകത്തിൽ നിന്നായതിനാൽ 63,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിലേക്കുള്ള തുക 2016-17 വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ അധികം തുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടില്ല

ശിപാർശ

34—മറ്റു ചെലവുകൾ-3 മറ്റിനം

പോലീസ് ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന വിവിധ പരിശീലന പരിപാടികൾക്കുള്ള ചെലവുകൾ, ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്കുള്ള ചെലവുകൾ എന്നിവയ്ക്ക് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

കേരള അസംബ്ലി ഇലക്ഷനുവേണ്ടി ജി. ഒ. (ആർ.റ്റി) നം. 3907/16/ഫിൻ തീയതി 25-5-2016 പ്രകാരം 9,98,00,000 രൂപയും, ജി. ഒ. (ആർ.റ്റി) നം. 8139/16/ഫിൻ തീയതി 14-10-2016 പ്രകാരം 9,81,10,000 രൂപയും അനുവദിച്ചു.

ശിപാർശ

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

1 - യാത്രാ ബത്ത

മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതിനാലും ശമ്പള പരിഷ്കരണത്തിന്റെ അധിക വർദ്ധനവിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 200 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിലേക്കുള്ള തുക 2016-17 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2055-00-101-99—<u>(കുറ്റാന്വേഷണ വിഭാഗം)-34 മറ്റു ചെലവുകൾ</u>

3 - <u>മറ്റിനം</u>

വിവിധ ഓഫീസ് ചെലവുകൾക്കും ക്രൈം കേസുമായി ബന്ധപ്പെട്ട് വിവിധ ടെസ്റ്റുകൾ നടത്തുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14,90,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർ.റ്റി) നം. 1345/17/ഫിൻ തീയതി 19-2-2017 പ്രകാരം 98,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

12 - <u>സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

പോലീസ് സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്), ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ എന്നിവരുടെ പരിശീലനവുമായി ബന്ധപ്പെട്ട് പ്രതിമാസം സ്റ്റൈപന്റ് നൽകേണ്ടതുണ്ട് എന്നതും ഈ വർഷത്തെ ബഡ്ജറ്റ് തുകയിൽ 5 കോടി രൂപ ഇതുവരെ ചെലവായി കഴിഞ്ഞു എന്നതും മുൻകാലങ്ങളിൽ പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്നുകൊണ്ടിരുന്ന ട്രെയിനിംഗുകൾ ഇപ്പോൾ പോലീസ് അക്കാഡമിയിലാണ് നടക്കുന്നത് എന്നതും കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 1260 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർ.റ്റി) നം. 7396/16/ഫിൻ തീയതി 7-9-2016 പ്രകാരം 12,60,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

34 - 3-മറ്റിനം

പോലീസ് സേനയിലെ സിവിൽ പോലീസ് ഓഫീസർ, വനിതാ പോലീസ് ഓഫീസർ, ഡ്രൈവർ, ടെലികമ്മ്യൂണിക്കേഷൻ വിംഗ് എന്നീ തസ്തികകളുടെ പരിശീലനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി അനുവദിണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

2055-00-003-98-കേരള പോലീസ് അക്കാഡമി-34-3-മറ്റിനം എന്ന ശീർഷകത്തിലെ കടിശ്ശിക ബാദ്ധ്യത തീർപ്പാക്കുന്നതിനായി ധന പുനർവിനിയോഗം വഴി മറ്റ് ശീർഷകത്തിൽ നിന്നും തുക കണ്ടെത്തുവാൻ കഴിഞ്ഞില്ല.

ശിപാർശ

05 - ഓഫീസ് ചെലവുകൾ -4 - മറ്റിനങ്ങൾ

കേരള പോലീസ് അക്കാഡമിയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനും പരിശീലന പരിപാടികളുമായി ബന്ധപ്പെട്ട ഓഫീസ് ആവശ്യത്തിനുള്ള സ്റ്റേഷനറി മുതലായ സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി ഈ ഇനത്തിൽ 16,60,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച നടപടി

ജി. ഒ. (ആർറ്റി.) നം. 8862/16/ഫിൻ തീയതി 10-11-2016 പ്രകാരം 4,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2055-00-104-99—(സായുധ പോലീസ്)

04 - യാത്രാ ചെലവുകൾ -1 യാത്രാ ബത്ത

മുൻ വർഷത്തെ ടി. എ. ബില്ലുകൾ തീർപ്പാക്കാനായി അവശേഷിക്കുന്നതും ശമ്പള പരിഷ്കരണത്തിന്റെ ഫലമായുള്ള അധിക ചെലവും കാരണവും ബഡ്ജറ്റ് വിഹിതം പര്യാപ്തമാകാതെ വരുന്നതിനാൽ 10 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർറ്റി.) നം. 1990/17/ഫിൻ തീയതി 14-3-2017 പ്രകാരം 10,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

05 - <u>ഓഫീസ് ചെലവുകൾ -4 മറ്റിനങ്ങൾ</u>

ബറ്റാലിയനിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിലേക്കായി തുകകൾ മാറ്റി വയ്ക്കുമ്പോൾ ഓഫീസ് ചെലവുകൾക്ക് ഫണ്ട് ലഭ്യമാകാതെ വരുന്നത് കാരണവും നിരവധി സ്ഥാപനങ്ങൾക്ക് ഓഫീസ് സാധനങ്ങൾ വാങ്ങിയ വകയിൽ തുക നൽകാനുള്ളതിനാലും 40 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർ.റ്റി) നം. 9949/16/ഫിൻ തീയതി 24-12-2016 പ്രകാരം 90,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

18 - <u>സംരക്ഷണം</u>

എം.എസ്.പി., എസ്.എ.പി., കെ.എ.പി.2 എന്നീ ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി 280 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർറ്റി.) നം. 6147/16/ഫിൻ തീയതി 21-7-2016 പ്രകാരം 95,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

34 - <u>മറ്റു ചെലവുകൾ-3 മറ്റിനങ്ങൾ</u>

റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ 9 മാസത്തെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ

നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകളെല്ലാം തന്നെ നിർവ്വഹിക്കുന്നത് മേൽ ശീർഷകത്തിൽ നിന്നാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബറ്റാലിയനുകളുടെ പരിശീലനപരിപാടികളുടെ സുഗമമായ നടത്തിപ്പിന് ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സിമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2055-00-104-98-<u>(ഇന്ത്യാ റിസർവ് ബറ്റാലിയൻ)</u>

04 - <u>യാത്രാ ചെലവുകൾ-1 യാത്രാബത്ത</u>

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്രചെയ്യേണ്ടി വരുന്നത് പരിഗണിച്ച് ഈ ടി ശീർഷകത്തിൽ 115 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർ.റ്റി) നം. 1011/17/ഫിൻ തീയതി 8-2-2017 പ്രകാരം 24,10,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

21 - <u>മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഐ.ആർ. ബറ്റാലിയന്റെ വാഹനങ്ങളുടേയും ആന്റി നക്സൽ ഓപ്പറേഷന് ഉപയോഗിക്കുന്ന വാഹനങ്ങളുടേയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

ജി. ഒ. (ആർ.റ്റി) നം. 1620/17/ഫിൻ തീയതി 1-3-2017 പ്രകാരം 1,05,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

45 - പി.ഒ.എൽ.

ഐ.ആർ ബറ്റാലിയന്റെ വാഹനങ്ങളും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർ ബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെ ഇന്ധന ചെലവും നിർവ്വഹിക്കുന്നതിന് 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

ജി. ഒ. (ആർ.റ്റി) നം. 7006/16/ഫിൻ തീയതി 25-8-2016 പ്രകാരം 13,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2055-00-109-99—(ജില്ലാ സേന)

05 - ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ

സംസ്ഥാനത്തെ 19 ജില്ലാ പോലീസ് യൂണിറ്റുകളിലെ ഓഫീസ് ചെലവുകൾക്ക് പുറമേ വാഹനങ്ങളുടെ ഇൻഷ്വറൻസ് അടയ്ക്കുന്നതിനുള്ള തുകയും മേൽ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ക്രമസമാധാന പാലനത്തിന് പ്രധാനമായും ജില്ലാ പോലീസ് യൂണിറ്റിലെ വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. പോലീസ് വകുപ്പിനായി വാങ്ങിയ 560 ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ ഭൂരിഭാഗവും ജില്ലാ പോലീസ് മേധാവികളുടെ നിയന്ത്രണത്തിലാണ് ഉള്ളതെന്നതിനാൽ ടി വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനുള്ള ഫണ്ടും മേൽ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

ജി. ഒ. (ആർ.റ്റി) നം. 5998/16/ഫിൻ തീയതി 16-7-2016 പ്രകാരം 7,60,000 രൂപയും ജി. ഒ. (ആർ.റ്റി) നം. 382/17/ഫിൻ തീയതി 17-1-2017 പ്രകാരം 1,67,89,000 രൂപയും കേരള അസംബ്ലി ഇലക്ഷനുവേണ്ടി അനുവദിച്ചു.

ജി. ഒ. (ആർ.റ്റി) നം. 2255/17/ഫിൻ തീയതി 20-3-2017 പ്രകാരം 25,00,000 രൂപ കടിശ്ശിക ബാദ്ധ്യതകൾ തീർക്കുന്നതിനായും അനുവദിച്ചു

<u>ശിപാർശ</u>

34 - <u>മറ്റു ചെലവുകൾ-3 മറ്റിനം</u>

ജില്ലാ പോലീസ് ഓഫീസുകളുടെ ദൈനംദിന ചെലവുകൾക്ക് പുറമേ കേരള ലെജിസ്ലേറ്റീവ് അസംബ്ലി ഇലക്ഷൻ, ശബരിമല തീർത്ഥാടന സമയത്തും മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ടും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം, ഫീഡിംഗ് ചാർജ് എന്നിവ നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള അസംബ്ലി ഇലക്ഷനുവേണ്ടി ജി. ഒ. (ആർ.റ്റി) നം. 3876/16/ഫിൻ തീയതി 28-4-2016 പ്രകാരം 2,58,76,000 രൂപയും, ജി. ഒ. (ആർ.റ്റി) നം. 4342/16/ഫിൻ തീയതി 13-5-2016 പ്രകാരം 1,28,31,000 രൂപയും, ജി. ഒ. (ആർ.റ്റി) നം. 49/17/ഫിൻ തീയതി 4-1-2017 പ്രകാരം 3,00,00,000/-രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04 -<u>യാത്രാ ചെലവുകൾ-1 യാത്രാ ബത്ത</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജി. ഒ. (ആർ.റ്റി) നം. 2285/17/ഫിൻ തീയതി 22-3-2017 പ്രകാരം 9,10,000 രൂപ അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

21 - മോട്ടോർ വാഹനങ്ങൾ-2 സംരക്ഷണവും അറ്റകുറ്റപ്പണികളും

തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനങ്ങൾ, ബോട്ടുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 19,56,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സർക്കാർ സ്വീകരിച്ച നടപടി**

ആവശ്യമായ തുക 2016-17-ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തുവാൻ സാധിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക 44-61, സർക്കാർ കത്ത് നം. 96582/ഇ 4/2016/ആഭ്യന്തരം, തീയതി 17-5-2017)

**ശിപാർശ**

2062-00-104-98—വിജിലൻസ് വകുപ്പിന്റെ നവീകരണം

വി.എ.സി.ബി. ഡയറക്ടറേറ്റിൽ ഒരു നിലകൂടിപണിയുന്നതിനും പ്രവേശന കവാടം നിർമ്മിക്കുന്നതിനും 200 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സർക്കാർ സ്വീകരിച്ച നടപടി**

2017-18 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ ഡയറക്ടറേറ്റിൽ ഒരു നില കൂടി പണിയുന്നതിനും പ്രവേശന കവാടം നിർമ്മിക്കുന്നതിനും യൂണിറ്റ് ഓഫീസുകൾ പണിയുന്നതിനുമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ശിപാർശ**

2006-ൽ സ്ഥാപിച്ച സെർവർ ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വി.എ.സി.ബി. സ്യൂട്ട്, സെർവർ എന്നിവയുടെ നവീകരണത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതി ശിപാർശ ചെയ്ത വി.എ.സി.ബി. സ്യൂട്ട് സർവർ നവീകരണത്തിനും എറൈസിംഗ് കേരള എന്ന പേരിൽ മൊബൈൽ ആപ്പ് സ്ഥാപിക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് 7,16,385 രൂപ 14-11-16 തീയതിയിലെ സ.ഉ. (സാധാ) നം.215/2016/വിജി. ഉത്തരവ് പ്രകാരവും പത്ത് ലക്ഷം രൂപ 14-11-16 തീയതിയിലെ സ.ഉ. (സാധാ) നം.216/16/വിജി. നമ്പർ ഉത്തരവ് പ്രകാരവും അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

ഒരു കോടി രൂപക്ക് മുകളിലുള്ള അഴിമതികൾ തെളിവുസഹിതം വെളിച്ചത്ത് കൊണ്ടുവരുന്ന വ്യക്തിക്ക് 5 ലക്ഷം രൂപവീതം ഓരോ വർഷവും 25 പേർക്ക് മുഖ്യമന്ത്രിയുടെ വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 125 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

10-3-2017 തീയതിയിലെ സ.ഉ. (സാധാ) നം. 1925/17/ധന നമ്പർ ഉത്തരവ് പ്രകാരം (നോൺ പ്ലാൻ) 10 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ ശരിയായ നാമനിർദ്ദേശം ഇല്ലാത്തതിനാൽ അവാർഡ് നൽകാനായില്ല.

<u>ശിപാർശ</u>

അഴിമതി ഇല്ലാതാക്കുന്നതിനും സംസ്ഥാനത്തെ അഴിമതിമുക്തമാക്കുവാനും എറൈസിംഗ് കേരള എന്ന പേരിൽ ഒരു മൊബൈൽ ആപ്പ് പദ്ധതി ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൊബൈൽ ആപ്പ് ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തു. 2016-17 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഈ ആവശ്യത്തിനായി 10 ലക്ഷം രൂപ അനുവദിക്കുകയും ആപ്പിന്റെ ഡെവലപ്പ്മെന്റ് ചാർജ്ജായി 1,12,000 രൂപ ചെലവഴിക്കുകയും ബാക്കി വേണ്ടി വരുന്ന 8,88,000 രൂപ ജോലി പൂർത്തീകരിക്കുമ്പോൾ നൽകാനായി ഇ-ലാംസിൽ പോസ്റ്റ് ചെയ്യാൻ ശിപാർശ നൽകുകയും ചെയ്തു.

ശിപാർശ

വിജിലൻസിന്റെ ആധുനികവത്ക്കരണത്തിനും, പരിശീലനത്തിനുമായി വിജിലൻസ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഡിവിഷൻ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ 5 ലക്ഷം രൂപ അനുവദിച്ച് നൽകുകയും 3,10,252 രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18-സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062-00-104—99-വിജിലൻസ്

02 - വേതനം

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

വേതനം ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മൂന്ന് ലക്ഷം രൂപ അധികം അനുവദിക്കാൻ സമിതി ശിപാർശ നൽകിയിരുന്നുവെങ്കിലും 23-1-2017-ലെ സ.ഉ. (സാധാ)നം.525/2017/ധന ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അധികമായി അനുവദിക്കുകയും 51,97,966 രൂപ ചെലവഴിക്കുകയും ഉണ്ടായി.

ശിപാർശ

04-4 അവധി യാത്രാനുകൂല്യം

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 2 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

23-1-2017-ലെ സ.ഉ. (സാധാ)നം.525/2017/ധന ഉത്തരവ് പ്രകാരം 1 ലക്ഷം രൂപ അധികമായി അനുവദിക്കുകയും എന്നാൽ പ്രതീക്ഷിച്ച ചെലവ് ഉണ്ടാകാത്തതിനാൽ 2,15,858 രൂപ കഴിച്ച് 3,84,142 രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

<u>ശിപാർശ</u>

05-4 <u>മറ്റിനങ്ങൾ</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

23-1-2017-ലെ സ.ഉ. (സാധാ)നം.525/2017/ധന ഉത്തരവ് പ്രകാരം 8 ലക്ഷം രൂപയും 27-3-2017-ലെ സ.ഉ. (സാധാ)നം.2597/2017/ധന ഉത്തരവ് പ്രകാരം 1,23,000 രൂപയും അധികമായി അനുവദിച്ച ഇതിൽ 60,64,470 രൂപ കഴിച്ച് 1,38,530 രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

<u>ശിപാർശ</u>

06- <u>വാടക, കരം, നികുതി</u>

വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മലപ്പുറം, SIU I, SIU II, Spl.Cell Tvm, TSR, IDK, TVM, ALA, KKD, ALA, TSRY തുടങ്ങിയ ഓഫീസുകളിലെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സർക്കാർ സ്വീകരിച്ച നടപടി

23-1-2017-ലെ സ.ഉ. (സാധാ)നം.525/2017/ധന ഉത്തരവ് പ്രകാരം 3.5 ലക്ഷം രൂപയും 27-3-2017-ലെ സ.ഉ. (സാധാ)നം.2597/2017/ധന ഉത്തരവ് പ്രകാരം 3.5 ലക്ഷം രൂപയും (ആകെ 7 ലക്ഷം) അധികം അനുവദിച്ചു.

ശിപാർശ

04-2 സ്ഥലംമാറ്റബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഒരു ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സർക്കാർ സ്വീകരിച്ച നടപടി

23-1-2017-ലെ സ.ഉ. (സാധാ)നം.525/2017/ധന ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ അധികം അനുവദിക്കുകയുണ്ടായി. ഇതിൽ 2,58,660 രൂപ കഴിച്ച് 41,340 രൂപ സറണ്ടർ ചെയ്യുകയുണ്ടായി.

ശിപാർശ

2062-00-105-96—സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ,തിരുവനന്തപുരം

04-4—അവധി യാത്രാനുകൂല്യം

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ രണ്ട് ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സർക്കാർ സ്വീകരിച്ച നടപടി

2062-00-105-96-04(4) എന്ന ശീർഷകത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്ന തുകയിൽ 1,33,000 രൂപ അഡീഷണൽ അലോട്ട്മെന്റായി അനുവദിച്ചിരുന്നു.

ശിപാർശ

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

06-വാടക, കരം, നികുതി

ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക മുൻ ജഡ്ജിയുടെ ഔദ്യോഗികവസതിയുടെ വാടക കുടിശ്ശിക എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 9,50,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

ശിപാർശ

04-2—സ്ഥലംമാറ്റ ബത്ത

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 73-74)

2062-00-105-94-(6)Rent, Rates & Taxes, 04(2)-Transfer Grant എന്നീ ഇനങ്ങളിൽ ശുപാർശ ചെയ്ത 9,50,000 രൂപയും(06) 75,000 രൂപയും (04 (2) യഥാക്രമം സ.ഉ. (സാധാ)നം.1247/2017/ധന. തീയതി 16-2-2017, സ.ഉ (സാധാ)നം. 6030/2016/ധന. തീയതി 18-7-2016 പ്രകാരം അനുവദിച്ചിരുന്നു.

ശിപാർശ

2062-00-105-97—എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ കമ്പ്യൂട്ടർ വൽക്കരണത്തിലേക്കായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

സർക്കാർ സ്വീകരിച്ച നടപടി

അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2062-00-105-95—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്

പുതിയ കാർ വാങ്ങുന്നതിനും സ്പെഷ്യൽ ജഡ്ജിയുടെ വീട്ടുവാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 10,75,000 രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

സർക്കാർ സ്വീകരിച്ച നടപടി

2062-00-105-95—ഇസി&എസ്ജെ എന്ന ശീർഷകത്തിൽ 10,75,000 രൂപ ശിപാർശ ചെയ്തിരുന്നുവെങ്കിലും 06-വാടക, കരം, നികുതി ഇനത്തിൽ 2,50,000 രൂപ 16-7-2016 തീയതിയിലെ സ.ഉ(സാധാ)നമ്പർ 6000/2016/ധന ഉത്തരവ് പ്രകാരവും 21-മോട്ടോർ

വെഹിക്കിൾ (1) പർച്ചേസ് ഓഫ് വെഹിക്കിൾ ഇനത്തിൽ 8,24,000 രൂപ 27-12-2016 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 10005/2016/ധന ഉത്തരവ് പ്രകാരവും അനുവദിച്ചിരുന്നു.

ശിപാർശ

2062 -00- 105-90—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 27,60,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

സർക്കാർ സ്വീകരിച്ച നടപടി

17-5-2011 തീയതിയിലെ വിജിലൻസ് (സി) വകുപ്പിന്റെ ജി.ഒ.(ആർ.ടി) 28/215 വി.ജി. ഉത്തരവ് പ്രകാരം 6-2-2016 മുതൽ മൂവാറ്റുപുഴയിൽ പ്രവർത്തിച്ചുവരുന്ന കോടതിയാണ് ഇത്. 2016-17 സാമ്പത്തിക വർഷം ആകെ 2000 രൂപ മാത്രമാണ് ടോക്കൺ തുകയായി ആ വകുപ്പിന് അനുവദിച്ചത്. (1,000 രൂപ ശമ്പള ഹെഡിലും 1,000 രൂപ വാഹനം വാങ്ങുന്നതിനും) 11-7-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 5840/2016/ധന ഉത്തരവ് പ്രകാരം 44,95,000 രൂപയും 1-8-2016 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 6450/2016/ധന ഉത്തരവ് പ്രകാരം 75,000 രൂപയും 20-12-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 9795/2016/ധന ഉത്തരവ് പ്രകാരം 1,07,000 രൂപയും 4-1-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 65/2017/ധന ഉത്തരവ് പ്രകാരം 2,46,000 രൂപയും 6-3-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1785/2017/ധന ഉത്തരവ് പ്രകാരം 11,34,000 രൂപയും 30-3-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2882/2017/ധന ഉത്തരവ് പ്രകാരം 25,000 രൂപയും (ആകെ 60,82,000) അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2062 -00- 105-89—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തലശ്ശേരി

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 94,35,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

സർക്കാർ സ്വീകരിച്ച നടപടി

2062-00-105-89-21 മോട്ടോർ വെഹിക്കിൾ (1) പർച്ചേസ് ഓഫ് വെഹിക്കിൾ ഇനത്തിൽ 16-7-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 6000/2016/ധന ഉത്തരവ് പ്രകാരം 9,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2062 -00- 105-99—<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

ഓഫീസ് കെട്ടിടവാടക, ക്വാർട്ടേഴ്സ് വാടക, പുതിയ ഫോട്ടോ കോപ്പിയർ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 8,02,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

7-2-2017 തീയതിയിലെ സ.ഉ.(സാധാ) നം.981/2017/ധന ഉത്തരവ് പ്രകാരം 2062-00-105-99-06- വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 7,02,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

**കേരള ലോകായുക്ത**

2062-00-103-99-05-4 <u>മറ്റിനങ്ങൾ</u>

ഉപലോകായുക്തയുടെ ഔദ്യോഗിക വസതി നവീകരിച്ചതിനും ഹോം ഓഫീസ് ഉപകരണങ്ങൾ വാങ്ങിയതിനും ലോകായുക്ത കാര്യാലയത്തിൽ ലോകായുക്തയുടെയും ഉപലോകായുക്തമാരുടെയും ഓഫീസ് മുറികളിൽ സ്ഥാപിച്ചിരുന്ന ശീതീകരണ യന്ത്രങ്ങൾ മാറ്റിയതിനുമായി 7 ലക്ഷത്തിലധികം രൂപ നാളിതുവരെ ചെലവായിട്ടുണ്ടെന്നും കോടതിയുടെ ഡയസ് നവീകരിക്കുന്നതിന് 5 ലക്ഷം രൂപയും കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിന് രണ്ട് ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസിലാക്കുന്നു. ഈ ആവശ്യങ്ങൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

<u>ശിപാർശ</u>

2062-00-103-99-06—<u>വാടക, കരം, നികുതി</u>

ലോകായുക്ത, ഉപലോകായുക്ത, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ ഔദ്യോഗിക വസതികളുടെ വാടകയിനത്തിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

ശിപാർശ

2062-00-103-99-21-1— വാഹനം വാങ്ങൽ

ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്ത് പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

ശിപാർശ

2062-00-103-99-34— മറ്റു ചെലവുകൾ

കേരള ലോകായുക്ത സ്റ്റാന്റിംഗ് കൗൺസിലിന്റെ വേതനം, സർവ്വീസ് പോസ്റ്റേജ്, ബുക്ക് ബൈന്റിംഗ്, വിറ്റ്നസ്ബാറ്റ എന്നീയിനങ്ങളിലെ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകകയില്ലാത്തതിനാൽ 2,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 80-83)

2016-17 സാമ്പത്തിക വർഷം 5 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നതും 24-1-2017 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 586/2017/ധന ഉത്തരവ് പ്രകാരം 2062-00-103-99-05-4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. പുതിയ വാഹനം വാങ്ങുന്നതിനും ഉപലോകായുക്തയ്ക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി 39 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

(ഖണ്ഡിക 62-83 -സർക്കാർ കത്ത് നം. 12586/സി3/2016/വിജി. തീയതി 16-5-2017)

ശിപാർശ

2056-00-101-99—ജയിലുകൾ (നോൺ-പ്ലാൻ)

തടവുകാരുടെ വേതനം പരിഷ്കരിച്ചതും, തടവുകാരുടെ അടിയന്തര ചികിത്സാ ചെലവുകൾ, ബാറ്റ, മരുന്ന് എന്നിവയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ, 34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു.

തടവുകാരുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്, ആഹാര സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവ്, തടവുകാരുടെ ആഹാരത്തിന്റെ മെനു കേരള പ്രിസൺസ് റൂൾ ചട്ടപ്രകാരം പരിഷ്കരിച്ചതുമൂലമുണ്ടായ അധിക ചെലവ് എന്നിവ കണക്കാക്കുമ്പോൾ '56 ഫീഡിംഗ് ആന്റ് ക്യാഷ്ഡോൾസ് ' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. തടവുകാരെ കോടതിയിലും ആശുപത്രിയിലും എത്തിക്കുന്നതിനുള്ള വാഹനങ്ങളുടെ ഇന്ധനചെലവിലുണ്ടായ വർദ്ധനവ് കണക്കാക്കുമ്പോൾ '45-പി.ഒ.എൽ.' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമായി വരുന്നു. ആയതിനാൽ ഈ ഇനങ്ങളിലായി 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

## സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം 2056-00-101-99-ജയിലുകൾ (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ജയിൽ വകുപ്പിന് അനുവദിച്ചത് 116,00,72,000 രൂപയാണ്. എന്നാൽ സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശയിൽ 16,00,72,000 തുക അനുവദിച്ചതായിട്ടാണ് രേഖപ്പെടുത്തിയിരുന്നത്. ആയത് ഭേദഗതി വരുത്തുന്നതിന് 18-1-2017-ലെ കത്തു പ്രകാരം നിയമസഭാ സെക്രട്ടറിയോട് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2056-00-101-99 ജയിലുകൾ-56 ഫീഡിംഗ് & ക്യാഷ് ഡോൾസ് എന്ന ശീർഷകത്തിൽ 19,50,00,000 രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ഇതിനു പുറമെ ഉപധനാഭ്യർത്ഥന (ഫൈനൽ ബാച്ച് പേജ് നമ്പർ 24) മുഖേന 2,00,00,000 (2 കോടി) രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ആകെ ടി ശീർഷകത്തിൽ 21,50,00,000 (21 കോടി 50 ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2056-00-101-98—ജയിലുകൾ (പദ്ധതി)

കോഴിക്കോട് ഉത്തരമേഖല ഡി.ഐ.ജി. ഓഫീസിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് കെട്ടിട നിർമ്മാണത്തിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

## സർക്കാർ സ്വീകരിച്ച നടപടി

ഈ ആവശ്യത്തിലേക്ക് അധിക തുക വകയിരുത്തിയിട്ടില്ല.

(ഖണ്ഡിക 84-85, സർക്കാർ കത്ത് നമ്പർ 96515/ബി2/2016/ആഭ്യന്തരം, തീയതി 16-5-2017)

ശിപാർശ

2058—സ്റ്റേഷനറിയും അച്ചടിയും

2058-00-001-99—നടത്തിപ്പ്

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

| | | |
|---|---|---|
| 04-യാത്രാചെലവുകൾ | - | 5,45,000 രൂപ |
| 05-ഓഫീസ് ചെലവുകൾ | - | 4,65,000 രൂപ |
| 06-വാടക, കരം, നികുതി | - | 4,00,000 രൂപ |
| 21-1-വാഹനം വാങ്ങൽ | - | 10,00,000 രൂപ |
| 21-2-മോട്ടോർ വാഹനങ്ങൾ | - | 2,80,000 രൂപ |
| സംരക്ഷണവും അറ്റകുറ്റപ്പണികളും | | |
| 45-പി.ഒ.എൽ. | - | 2,85,000 രൂപ |
| 99-വിവരസാങ്കേതിക വിദ്യ | - | 19,99,000 രൂപ |

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

21.1 വാഹനം വാങ്ങൽ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല.

അധിക വിഹിതം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1-12-2016-ലെ സ.ഉ.(സാധാ)9327/2016/ധന നമ്പർ ഉത്തരവുപ്രകാരം 2058-00-001-99-05-1 വാട്ടർ ചാർജ്ജസ് എന്ന ശീർഷകത്തിൽ 50,000 രൂപയും '2058-00-001-99-21-2 മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ശീർഷകത്തിൽ 5-11-2016-ലെ സ.ഉ(സാധാ)8726/2016/ധന നമ്പർ ഉത്തരവു പ്രകാരം 50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലെ 18-സംരക്ഷണം എന്നയിനത്തിൽ 2,75,000 രൂപയും 19-യന്ത്രോപകരണങ്ങൾ എന്നയിനത്തിൽ 37,00,000 രൂപയും 24-സാധനസാമഗ്രികൾ എന്നയിനത്തിൽ 24,08,06,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

താഴെപ്പറയുന്ന ശീർഷകങ്ങളിൽ അതിനെതിരെ കാണിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം അധിക വിഹിതം അനുവദിച്ചിരുന്ന വിവരം കൂടി അറിയിക്കുന്നു:

| ശീർഷകം | അധിക വിഹിതം | ഉത്തരവ് നമ്പർ/തീയതി |
|---|---|---|
| 2058-00-101-99-18 മെയിന്റനൻസ് | 50,000 | സ.ഉ(സാധാ)8726/2016/ധന 5-11-2016 |
| 2058-00-101-99-24 സാധനസാമഗ്രികൾ | 44,02,000 | സ.ഉ(സാധാ)3865/2016/ധന 27-4-2016 |
| | 5,00,00,000 | സ.ഉ(സാധാ)9327/2016/ധന 1-12-2016 |
| | 1,00,00,000 | സ.ഉ(സാധാ)280/2017/ധന 12-1-2017 |
| | 7,00,00,000 | സ.ഉ(സാധാ)1319/2017/ധന 18-2-2017 |
| | 8,00,00,000 | സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സ് 2016-17 (ഡിമാന്റ് നമ്പർ XIV) |

<u>ശിപാർശ</u>

2058-00-001-92—<u>സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽക്കരണം (പദ്ധതി)</u>

കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6,12,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2058-00-001-92 സ്റ്റേഷനറി വകുപ്പിന്റെ ആധുനികവത്കരണം എന്ന ശീർഷകത്തിൽ സമിതി 6,12,000 രൂപ അധികമായി ശിപാർശ ചെയ്തിരുന്നുവെങ്കിലും അതിനുവേണ്ടി ശിപാർശ അയയ്ക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2058-00-103-99—<u>ഗവൺമെന്റ് പ്രസ്സുകൾ</u>

അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതിയിൽ വെളിവാക്കപ്പെട്ട ആയതിനാൽ താഴെപ്പറയും പ്രകാരം തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-6-ഓവർ ടൈം അലവൻസ് | - | 5,00,00,000 രൂപ |
| 05-4-മറ്റിനങ്ങൾ | - | 25,00,000 രൂപ |
| 18-സംരക്ഷണം | - | 12,00,000 രൂപ |
| 21-1-മോട്ടോർ വാഹനങ്ങൾ വാങ്ങൽ | - | 45,00,000 രൂപ |
| 24-സാധനസാമഗ്രികൾ | - | 1,00,00,000 രൂപ |
| 45-പി.ഒ.എൽ. | - | 2,00,000 രൂപ |

(ഖണ്ഡിക 89)

## സർക്കാർ സ്വീകരിച്ച നടപടി

1-12-2016-ലെ G.O.(Rt.)9334/16/Fin ഉത്തരവ് പ്രകാരം 05(4) മറ്റിനങ്ങളിൽ എന്ന ശീർഷകത്തിൽ 7,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

2058-00-103-98—ഗവൺമെന്റ് പ്രസ്സുകളിൽ അപ്രന്റീസുകളെ നിയോഗിക്കൽ

12- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

അപ്രന്റീസ് സ്റ്റൈപ്പന്റ് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

## സർക്കാർ സ്വീകരിച്ച നടപടി

23-7-2016-ലെ G.O.(Rt.)6227/16/Fin പ്രകാരം 98-12 ഗവൺമെന്റ് പ്രസ്സുകളുടെ അപ്രന്റീസുകളെ നിയോഗിക്കൽ (സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും) എന്ന ശീർഷകത്തിൽ 10,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 86-90-സർക്കാർ കത്ത് നമ്പർ 1098029/എച്ച്3/2016/ഉ.വി.വ. തീയതി 16-5-2017)

ശിപാർശ

2070—മറ്റു ഭരണപരമായ സർവ്വീസുകൾ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്

2070-00-119-97-34—മറ്റു ചെലവുകൾ

സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സർക്കാർ സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശയനുസരിച്ച് സംസ്ഥാന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 98 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ ധനകാര്യ വകുപ്പിനോട് ഈ വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനായി പരിശീലനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം, ജില്ലാതല ശിപാർശകൾ, മലയാളം കമ്പ്യൂട്ടിംഗ് നടത്തുന്ന ഏജൻസി, ശിപാർശ ചെയ്ത തുക സംബന്ധിച്ച ഐറ്റം തിരിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ് ആവശ്യമുള്ള ക്ലാസ്-3 ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് തിട്ടപ്പെടുത്തുവാനും, ജില്ലാ തലത്തിൽ കളക്ടർമാരുടെ ഏകോപനത്തിൽ ജില്ലയിലെ അംഗീകൃത ഏജൻസികൾ മുഖേന ഉദ്യോഗസ്ഥർക്ക് വിവിധ ബാച്ചുകളിലായി മലയാളം കമ്പ്യൂട്ടിംഗിൽ (യൂണികോഡ്) ട്രെയിനിംഗ് നൽകുന്നതിന് എത്ര തുക വേണ്ടിവരുമെന്നും, എത്ര ബാച്ചുകളിലായി എത്ര പേർക്കുവീതം പരിശീലനം നൽകാനാവുമെന്നുമുള്ള പരിശീലന ഏജൻസിയുടെ എസ്റ്റിമേറ്റും പരിശീലന പദ്ധതിയുടെ രൂപരേഖയും സഹിതം അടിയന്തരമായി ലഭ്യമാക്കുവാൻ എല്ലാ ജില്ലാ കളക്ടർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. മേൽപ്രകാരം നിയമസഭാ സമിതിയുടെ ശിപാർശയിന്മേൽ വകുപ്പ് തുടർനടപടി സ്വീകരിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

(സർക്കാർ കത്ത് നം. ഔ.ഭാ 1/12/16/ഉ.ഭ.പ.വ, തീയതി 16-5-2017)

ശിപാർശ

2070-00-119-98—ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ

21—മോട്ടോർ വാഹനങ്ങൾ

കാലഹരണപ്പെട്ട വാഹനം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ലേലം ചെയ്തിട്ടുള്ളതാണെന്നും പെട്രോൾ അലവൻസ്, മെയിന്റനൻസ് ചാർജ്ജ് എന്നിവ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 9,49,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ക്രമ നമ്പർ 94-ൽ കേരള ഔദ്യോഗികഭാഷ (നിയമ നിർമ്മാണ) കമ്മീഷനെ സംബന്ധിച്ച് 2070-00-119-98 ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ 21-മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ വിഹിതം ഇല്ലാത്തതും എന്നാൽ കാലഹരണപ്പെട്ട വാഹനം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ലേലം ചെയ്തിട്ടുള്ളതാണെന്നും പെട്രോൾ അലവൻസ്, മെയിന്റനൻസ് ചാർജ്ജ് എന്നിവ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നതും കണക്കിലെടുത്ത് പ്രസ്തുത ശീർഷകത്തിൽ 9,49,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരിക്കുന്നു.

ബഹുമാനപ്പെട്ട വിഷയ നിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2070-00-119-98 എന്ന പ്രധാന കണക്ക് ശീർഷകത്തിൻ കീഴിൽ വരുന്ന ഉപ കണക്ക് ശീർഷകമായ 21-മോട്ടോർ വാഹനങ്ങൾ എന്നതിൽ 9,49,000 രൂപ അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് 4-1-2017-ലെ 25901/ഭരണ I(3)/2016/ നിയമം നമ്പരായി അനൗദ്യോഗിക കുറിപ്പ് ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. 23134/പാർല/2016/നിയമം തീയതി 11-5-2017)

<u>ശിപാർശ</u>

2070-00-108—<u>ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പ്</u>

99—<u>ഭരണവും നടത്തിപ്പും</u>

34-3—<u>മറ്റിനങ്ങൾ</u>

രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സേനാംഗങ്ങൾക്ക് കഴിഞ്ഞ കുറേ വർഷങ്ങളായി യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിന് ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിയുന്നില്ലന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9,77,20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യൂണിഫോം ആർട്ടിക്കിൾസ് വാങ്ങുന്നതിന് 9,77,20,000 രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3653/2016/ആഭ്യന്തരം തീയതി, 16-12-2016 പ്രകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ ഫണ്ട് മാർച്ചിലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിലാണ്

അനുവദിച്ച് ലഭ്യമായത്. ആയതിനാൽ യൂണിഫോം ആർട്ടിക്കിൾസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ 2016-17 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാനും, ടെണ്ടർ നടപടികൾ പൂർത്തിയാക്കി യൂണിഫോം ആർട്ടിക്കിൾസ് വാങ്ങുന്നതിന് അധിക തുക ആവശ്യമുള്ള സാഹചര്യത്തിൽ Additional Authorisation/SDG മുഖേന തുക അനുവദിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

21-1—വാഹനം വാങ്ങൽ

രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി 5 മേഖലാ ഓഫീസർമാർക്ക് വാഹനങ്ങളും 2 ഡയറക്ടർമാർക്ക് സ്റ്റാഫ് കാറും വാങ്ങുന്നതിനും ജീപ്പുകളും ആംബുലൻസുകളും എല്ലാ അഗ്നിരക്ഷാ നിലയങ്ങൾക്കും നൽകുന്നതിനുമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഡയറക്ടർ ജനറൽ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ

2070-00-108-98 —പ്രതിരോധവും നിയന്ത്രണവും

04—യാത്രാചെലവുകൾ - 1 - യാത്രാബത്ത

ശബരിമല തീർത്ഥാടന സമയത്ത് ജീവനക്കാരെ അഗ്നിസുരക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുമ്പോൾ അവർക്ക് യാത്രാചെലവുകൾ നൽകേണ്ടതുണ്ടെന്നതും ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ടൂർ ടി. എ. ഇനത്തിൽ തുകകൾ കുടിശ്ശിക കൊടുത്ത് തീർക്കേണ്ടതുണ്ടെന്നതും കണക്കിലെടുത്ത് 75 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടൂർ ടി.എ. ഇനത്തിൽ 50,00,000 രൂപ കൂടി അഡീഷണൽ ഫണ്ട് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) നമ്പർ 9808/16/ധനകാര്യം തീയതി, 20-12-2016 പ്രകാരം ലഭ്യമായിട്ടുണ്ട്.

ശിപാർശ

05—ഓഫീസ് ചെലവുകൾ

1— വെള്ളക്കരം

അഗ്നിശമന രക്ഷാപ്രവർത്തന ജോലിയുടെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ ചാർജിനത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

സർക്കാർ സ്വീകരിച്ച നടപടി

ബജറ്റ് ഗ്രാന്റിൽ അനുവദിച്ച തുകകൾ പര്യാപ്തമായതിനാൽ അഡീഷണൽ ഫണ്ടിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശിപാർശ

17—ചെറുകിട മരാമത്ത് പണികൾ, 18 - സംരക്ഷണം

ആറ്റിങ്ങൽ നിലയത്തോടനുബന്ധിച്ച് ഒരു സ്റ്റോർ റൂം, ബാത്ത് റൂം എന്നിവ നിർമ്മിക്കുന്നതിന് 14,00,000 രൂപയുടെ ഭരണാനുമതി ലഭ്യമായെന്നും ചെറുകിട മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനുള്ള കണക്ക് ശീർഷകത്തിൽ മതിയായ ഫണ്ടില്ലന്നതും ആസ്ഥാന ഓഫീസിൽ നവീകരണ പണികൾ നടക്കുകയാണന്നതും കണക്കിലെടുത്ത് 17-ചെറുകിട പണികൾ, 18-സംരക്ഷണം എന്നീ ശീർഷകങ്ങളിൽ 25 ലക്ഷം രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

സർക്കാർ സ്വീകരിച്ച നടപടി

ആറ്റിങ്ങൽ നിലയത്തിലെ മരാമത്ത് പണികൾക്കായി 14 ലക്ഷം രൂപ മാർച്ചിലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ അനുവദിച്ച് അഡീഷണൽ ഫണ്ടായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2070-00-108-97—പരിശീലനം

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ നവീകരണത്തിനായി 2016-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 100 ലക്ഷം രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അക്കാഡമിയുടെ നവീകരണത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി 98.25 ലക്ഷം രൂപ 13-ാം ധനകാര്യ കമ്മീഷന്റെ നീക്കിയിരിപ്പ് തുകയിൽ നിന്നും അനുവദിച്ചുകൊണ്ട് ജി.ഒ.(ആർ.ടി.) നമ്പർ 3765/16/ഡി.എം.ഡി, തീയതി : 22-9-2016 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

34—<u>മറ്റു ചെലവുകൾ -3-മറ്റിനം</u>

വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനുമായി 25 ലക്ഷം രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടി ശീർഷകത്തിൽ 15 ലക്ഷം രൂപ റീ അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുകയും ടി തുക അക്കാഡമിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ട്രെയിനിംഗ് ഉപകരണങ്ങൾ വാങ്ങുന്നതിനും അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനുമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

04—<u>യാത്രാചെലവുകൾ</u>

05 —<u>ഓഫീസ് ചെലവുകൾ</u>

21—<u>മോട്ടോർ വാഹനങ്ങൾ</u>

അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ സുഗമമായ പ്രവർത്തിനത്തിനായി 04-യാത്രാ ചെലവുകൾ എന്നയിനത്തിൽ 2 ലക്ഷം രൂപയും, 05-ഓഫീസ് ചെലവുകൾ എന്നയിനത്തിൽ 1,50,000 രൂപയും, 21-മോട്ടോർ വാഹനങ്ങൾ എന്നയിനത്തിൽ 2,50,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2070-00-108-97-വിവിധ ശീർഷകങ്ങളിൽ (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങൾ, പി.ഒ.എൽ, അദർ ചാർജസ്, ടെലഫോൺ ചാർജസ്) 35,21,000 രൂപയുടെ അധിക ഫണ്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയിരുന്നുവെങ്കിലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുവേണ്ടി 1,25,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 21-2 ശീർഷകത്തിൽ 50,000 രൂപ കൂടി റീ അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുകയും ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

<u>ശിപാർശ</u>

2070-00-108-96—<u>മറ്റു ചെലവുകൾ</u>

ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാരുടെ ക്ഷേമനിധിയിലേക്കുള്ള അംശദായം, ജീവനക്കാരുടെ പ്രശസ്ത സേവനത്തിനുള്ള പാരിതോഷികം എന്നീ ചെലവുകൾക്ക് അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3,40,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് ഗ്രാന്റിൽ അനുവദിച്ച തുകകൾ പര്യാപ്തമായതിനാൽ അഡീഷണൽ ഫണ്ടിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

<u>ശിപാർശ</u>

2070-00-108-94—<u>അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം</u>

ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 21,93,15,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ബജറ്റ് ഗ്രാന്റിൽ അനുവദിച്ച തുകകൾ പര്യാപ്തമായതിനാൽ അഡീഷണൽ ഫണ്ടിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

<u>ശിപാർശ</u>

2070-00-108-92—<u>അഗ്നിശമനവും അടിയന്തര സർവ്വീസുകളും ശക്തിപ്പെടുത്തൽ</u>

<u>(75% സെൻട്രലി സ്പോൺസേർഡ് സ്കീം)</u>

2011-12 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 316 ലക്ഷം രൂപ അനുവദിച്ചതിൽ 52,32,503 രൂപ ചെലവാക്കിയതായും 2012-13 സാമ്പത്തിക

വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച 2,63,67,000 രൂപ ഭരണപരമായ കാലതാമസംമൂലം ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. എങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുന്നത് പരിഗണിച്ച് 2,63,67,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2070-00-108-91—<u>അഗ്നിശമനസേനാ വകുപ്പിലുള്ള ആസ്തി പരിപാലനം ആസ്തി പരിപാലന ഫണ്ടിൽ നിന്നുള്ള ചെലവുകൾ</u>

അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളും, അത്യാധുനിക ഉപകരണങ്ങളും, വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളും, വസ്തുവകകളും ഉൾപ്പെടുന്ന ആസ്തികൾ പരിപാലിക്കുന്നതിനും, അഗ്നിശമന സേനയെ നവീകരിക്കുന്നതിനും സുസജ്ജമാക്കുന്നതിനും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2070-00-108-90—<u>ആധുനിക ജീവൻരക്ഷാ സാമഗ്രികൾ, അഗ്നിപ്രതിരോധ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ വാങ്ങൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)</u>

കഴിഞ്ഞ വർഷം വകയിരുത്തിയ 9 കോടി 24 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ ഫയർ ആൻറ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2070-00-107-99 —<u>ഹോംഗാർഡ്സ്</u>

ഹോംഗാർഡുമാരുടെ ഇപ്പോഴത്തെ ദിവസവേതനം 500 രൂപയാണെന്നും നിലവിൽ വകയിരുത്തിയ തുക കൊണ്ട് ഈ സാമ്പത്തിക വർഷം മുഴുവനും വേതനം നൽകാൻ കഴിയുകയില്ലെന്നും സമിതി മനസിലാക്കുന്നു. ആകയാൽ ഈ സാമ്പത്തിക വർഷം 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (എം.എസ്.)211/2016/ആഭ്യന്തരം., തീയതി 6-8-2016 പ്രകാരം ഹോംഗാർഡുകൾക്ക് ദിവസ വേതനം 500 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ അഡീഷണൽ ഫണ്ടായി അപേക്ഷിക്കുകയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 15 കോടി രൂപ കൂടി അധികഫണ്ടായി അനുവദിച്ച് ലഭ്യമായിട്ടുള്ളതും ടി തുക ചെലവഴിച്ചിട്ടുള്ളതുമാണ്.

(ഖണ്ഡിക 95-108 വരെ, സർക്കാർ കത്ത് നമ്പർ 96522/എഫ്2/2016/ആഭ്യന്തരം., തീയതി 17-5-2017.)

<u>ശിപാർശ</u>

2220—<u>വാർത്താവിതരണവും പ്രചരണവും</u>

2220-01-001-96—<u>പ്രത്യേക പൊതുജനസമ്പർക്ക മേളകൾ (പദ്ധതി)</u>

സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും ഗ്രാമ പ്രദേശങ്ങളിലുള്ളവരിൽ അവബോധം സൃഷ്ടിക്കുന്നതിന് ഓരോ ജില്ലയിലും പൊതുജന സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നതിനാലും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കേണ്ടതുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 1,20,00,000 രൂപ വകയിരുത്തിയതിനു പുറമേ മുൻ മന്ത്രിസഭയുടെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച പരസ്യത്തിന്റെ കുടിശ്ശിക തുക അനുവദിക്കേണ്ടതിനായി 18-5-2016-ലെ സ.ഉ (സാധാ) 4391/16/ധന. പ്രകാരം 9,44,00,000 രൂപ അധികമായി ലഭ്യമായിരുന്നു. പ്രസ്തുത തുകകൾ ചെലവായതിനു പുറമേ 5-9-2016-ലെ സ.ഉ (സാധാ) 7312/16/ധന. പ്രകാരം 5 കോടി രൂപകൂടി അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭ്യമായിരുന്നു. ആകെ ഈ ശീർഷകത്തിൽ ലഭിച്ച 15,64,00,000 രൂപയിൽ 14,44,95,361 രൂപ ചെലവായിട്ടുണ്ട്.

<u>ശിപാർശ</u>

2220-01-001-99—<u>പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റ്</u>

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈയിനത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 110)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 2,70,000 രൂപ അനുവദിച്ചിട്ടുള്ളതിൽ 1,09,007 രൂപ (2016-17) സാമ്പത്തിക വർഷത്തിൽ ചെലവായിട്ടുണ്ട്. അധിക തുക ഈ ശീർഷകത്തിൽ ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2220-01-001-98—<u>ജില്ലാ പ്രചരണ ഓഫീസുകൾ</u>

21-2—<u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ജില്ലാ പ്രചരണ ഓഫീസുകളിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 111)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2,58,000 രൂപ അനുവദിച്ചതിൽ 1,87,332 രൂപ (2016-17) സാമ്പത്തിക വർഷത്തിൽ ചെലവായിട്ടുണ്ട്. അധിക തുക ഈ ശീർഷകത്തിൽ ആവശ്യമായി വന്നില്ല.

ശിപാർശ

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങളെക്കുറിച്ച് ദിനപ്പത്രങ്ങളിലൂടെയും പ്രദർശന പരസ്യങ്ങൾ വഴിയും പൊതുജനങ്ങളിലെത്തിക്കുന്നതിനും വകുപ്പിന്റെ പരസ്യ വിഭാഗം ആധുനികവൽക്കരിക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് 5 കോടി രൂപ അധിക ഫണ്ടായി അനുവദിച്ചു ടി തുക പൂർണ്ണമായും വിനിയോഗിച്ചു. ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കൂടി ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചില്ല.

ശിപാർശ

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

01—അച്ചടി മാധ്യമം

വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമുള്ള ടെൻഡർ പരസ്യങ്ങളുടെയും വിജ്ഞാപനങ്ങളുടെയും പരസ്യക്കൂലി നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 113)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 15 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ചില്ല.

ശിപാർശ

2220-60-110-99—പുസ്തക പ്രസിദ്ധീകരണം

ജില്ലാ ഹാന്റ് ബുക്കുകളുടെ പുനഃപ്രസിദ്ധീകരണം, മീഡിയാ ഹാന്റ് ബുക്ക്, കേരള ആൻ ഓതന്റിക് ഹാന്റ് ബുക്ക്, ഹെറിറ്റേജ് ഓഫ് കേരള സീരീസ് പ്രസിദ്ധീകരണങ്ങൾ, മറ്റു വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഈ

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ധനകാര്യവകുപ്പ് 14-11-2016-ലെ സ.ഉ.(സാധാ.) നമ്പർ 8907/2016/ധന. പ്രകാരം 17.5 ലക്ഷം രൂപ കൂടി അനുവദിച്ചു.

ശിപാർശ

2220-01-001-98-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

2220-01-001-99-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിലും വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിലും ആറ് മേഖലാ ഓഫീസുകളിലും 12 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളാണുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഇത്തരത്തിലുള്ള ജില്ലാ ഓഫീസുകളിലെ 5 വാഹനങ്ങൾക്കും മേഖലാ ഓഫീസുകളിലെ 6 വാഹനങ്ങൾക്കും ഡയറക്ടറേറ്റിലെ 4 വാഹനങ്ങൾക്കും പകരമായി പുതിയവ വാങ്ങുന്നതിന് മേൽ ശീർഷകങ്ങളിലായി 100 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

സർക്കാർ സ്വീകരിച്ച നടപടി

2220-01-001-98-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ല.

2220-01-001-99-21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ ശീർഷകത്തിൽ 29-3-2017 ലെ 2772/2017/ധന. പ്രകാരം 14,50,000 രൂപ (2016-17) സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 109-115, സർക്കാർ കത്ത് നമ്പർ 27699/ബി2/2016/ഐ&പി.ആർ, തീയതി 15-5-2017.)

ശിപാർശ

2230 —തൊഴിലും തൊഴിൽ സൗകര്യങ്ങളും

2230-01-103-39—നോർക്ക വകുപ്പിനു കീഴിലുള്ള സാന്ത്വനപദ്ധതി (പദ്ധതി)

നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാന്ത്വന പദ്ധതിയിൻ കീഴിൽ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നതിനാൽ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സാന്ത്വന പദ്ധതിക്ക് 2016-17 ബഡ്ജറ്റിൽ 5 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഇതുകൂടാതെ 2016 മേയ് മാസം വരെ തീർപ്പാക്കാനുണ്ടായിരുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ ഉൾപ്പെടെ പരിശോധിച്ച് സഹായം അനുവദിക്കുന്നതിനായി 9 കോടി രൂപ കൂടി അധികമായി അനുവദിച്ചിരുന്നു. ആകെ 14 കോടി രൂപ പദ്ധതിക്കായി 2016-17 കാലയളവിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

<u>ശിപാർശ</u>

2230-01-103-47—<u>നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾക്കും വിസ പരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി (പ്ലാൻ)</u>

വ്യാജ റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും, ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിൽ പരസ്യങ്ങൾ നല്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റിനും വിസാപരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പദ്ധതിയ്ക്ക് 2016-17 ബഡ്ജറ്റിൽ 40 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ടി തുക ചെലവഴിച്ചിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷത്തേക്ക് ടി തുക പര്യാപ്തമായിരുന്നതിനാൽ അധികതുക വേണ്ടി വന്നിട്ടില്ലാത്തതാണ്.

(ഖണ്ഡിക 116, 117-സർക്കാർ കത്ത് നമ്പർ 160/ബി1/17/നോർക്ക, തീയതി 11-5-2017.)

<u>ശിപാർശ</u>

3425—<u>മറ്റു ശാസ്ത്രീയ ഗവേഷണം</u>

3425-60-200-71—<u>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- ധനസഹായം</u>

കൗൺസിലിന്റെ കീഴിലുള്ള 8 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 21,86,32,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നൽകുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 21,86,32,000 രൂപ അധികമായി വിഷയനിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. നിലവിലെ വിഹിതം തീരുന്ന മുറയ്ക്ക് അധിക വിഹിതം അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിന് ശാസ്ത്ര സാങ്കേതിക കൗൺസിലിനോട് സർക്കാർ ആവശ്യപ്പെട്ടുവെങ്കിലും പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ കൗൺസിലിൽ നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനമാകാത്തതിനാൽ അധിക തുക 2016-17 സാമ്പത്തിക വർഷം ആവശ്യമായി വന്നില്ല.

(ഖണ്ഡിക 118-സർക്കാർ കത്ത് നമ്പർ 5867/എ 4/2017/ശാ.സ.വ.തീയതി16-5-2017.)

<u>ശിപാർശ</u>

4859-02-800-97—<u>സൈബർപാർക്ക് (പദ്ധതി)</u>

ഏറ്റെടുത്തിരിക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1488 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ 4859-02-800-97-01 ശീർഷകത്തിൽ 1100 ലക്ഷം രൂപയും, 4859-02-800-97-02 ശീർഷകത്തിൽ 1468 ലക്ഷം രൂപയും ലഭ്യമായിരുന്നു. ആയതിൽ 4859-02-800-97-01 എന്ന ശീർഷകത്തിൽ നിന്നും 55.73 ലക്ഷം രൂപ കൂടി 4859-02-800-97-02 എന്ന ശീർഷകത്തിലേക്ക് ധനപുനർവിനിയോഗം

ചെയ്യുകയുണ്ടായി. സൈബർ പാർക്ക് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾക്ക് ടി തുക പര്യാപ്തമായി വന്നതിനാൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം അധിക തുക അനുവദിക്കേണ്ടി വന്നില്ല.

<u>ശിപാർശ</u>

4859-02-800-98- (03) <u>ഇൻഫോ പാർക്ക് (പദ്ധതി)</u>

ഇൻഫോപാർക്ക് രണ്ടാം ഘട്ട കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിലേക്കായി 2730 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇൻഫോ പാർക്കിനായി 4859-02-800-98-03-(PV) എന്ന ശീർഷകത്തിൽ 2950 ലക്ഷം രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4859-02-800-98(04)—<u>ഇൻഫോപാർക്ക് രണ്ടാംഘട്ടം-നബാർഡ് ധനസഹായം (പദ്ധതി)</u>

നബാർഡ് RIDF പദ്ധതി പ്രകാരം ഇൻഫോപാർക്ക് രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 4121 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇൻഫോ പാർക്കിനായി 4859-02-800-98-04-(PV) എന്ന ശീർഷകത്തിൽ 4121 ലക്ഷം രൂപ കൂടി അധികമായി 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4859-02-190-93—<u>ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ് (പദ്ധതി)</u>

ഐ.ഐ.ഐ.ടി.എം.കെ.യുടെ കാമ്പസ് നിർമ്മാണത്തിനായി നടപ്പ് ബജറ്റ് വിഹിതം കൂടാതെ 30 കോടി രൂപ കൂടി നിർമ്മാണ കമ്പനിക്ക് നൽകേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സർക്കാർ സ്വീകരിച്ച നടപടി

ഐ.ഐ.ഐ.ടി.എം.കെ.-യ്ക്ക് 2016-17 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റ് വിഹിതമായി 1650 ലക്ഷം രൂപയ്ക്ക് പുറമേ 30 കോടി രൂപ കൂടി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നുവെങ്കിലും 2017-18 വർഷത്തേക്ക് കാമ്പസ് നിർമ്മാണത്തിനായി 4650 ലക്ഷം രൂപ വകയിരുത്തിയിരുന്ന സാഹചര്യം കണക്കിലെടുത്ത് അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4859-02-800-91—ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, വലവൂർ, കോട്ടയം (പദ്ധതി)

കോട്ടയത്തെ വലവൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ 5 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിനും, ഭൂമി ഏറ്റെടുക്കുന്നതിനുമായി 2075 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കിയപ്പോൾ ഐ.ഐ.ഐ.ടി.-കെ., പാലയ്ക്ക് 2250 ലക്ഷം രൂപ പദ്ധതി വിഹിതം രൂപ കണക്കാക്കുകയും ടി തുക ബജറ്റിൽ വകയിരുത്തുകയും ചെയ്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

4859-02-800-98-(01)—ടെക്നോപാർക്ക് (പദ്ധതി)

ടെക്നോപാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ടെക്നോപാർക്കിന്റെ വിവിധ വികസന പദ്ധതികൾക്കായി 27814 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ 4859-02-800-98-(01) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 76 കോടി രൂപയിൽ ടെക്നോപാർക്കിന് ടി സാമ്പത്തിക വർഷത്തെ ചെലവുകൾ വഹിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല. 2017-18 സാമ്പത്തിക വർഷം 84 കോടി രൂപ ടെക്നോപാർക്കിന് വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

4859-02-004-98—വിജ്ഞാന നഗരം (പദ്ധതി)

തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് നോളജ് സിറ്റിയുടെ സ്ഥലമെടുപ്പിനുവേണ്ടി തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 31624 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സർക്കാർ സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ 4859-02-004-98 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുകയുള്ള നിർദ്ദേശം ടി സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

(ഖണ്ഡിക 119-125-സർക്കാർ കത്ത് നമ്പർ ഇ ആന്റ് ഐ.ടി.എ 1/347/2016/ ഇ&ഐ.ടി.ഡി., തീയതി - 17-05-2017.)

ശിപാർശ

3053—സിവിൽ ഏവിയേഷൻ

3053-02-190-99—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പ്രൊമോഷൻ സൊസൈറ്റിക്കുള്ള ഗ്രാന്റ്

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റിയുടെ ദൈനംദിന ചെലവുകൾക്കായി 5 ലക്ഷം രൂപയും കെൽട്രോണിന് നൽകേണ്ട തുകയും ഉൾപ്പെടെ ആകെ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സർക്കാർ സ്വീകരിച്ച നടപടി

ടോക്കൺ തുകയായി 1000 രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

5053—സിവിൽ ഏവിയേഷനുള്ള മൂലധനചെലവ്

5053-02-190-97—കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള വിഹിതം തീർത്തും അപര്യാപ്തമായതിനാൽ 10,02,89,000 രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടോക്കൺ തുകയായി 1 ലക്ഷം രൂപ അനുവദിച്ചു. അധികമായി 196.46 കോടി രൂപ അനുവദിച്ചതിൽ 122.29 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

5053-02-190-93—<u>കോഴിക്കോട് വിമാനത്താവള വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

അടിയന്തരമായി സ്ഥലം ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് നൽകിയ 137 ഏക്കർ ഭൂമി ഉടനടി ഏറ്റെടുക്കേണ്ടതുണ്ടെന്നും റൺവേയുടെ വീതിക്കുറവുമൂലം എയർപോർട്ടിന്റെ ലൈസൻസ് തന്നെ റദ്ദാക്കപ്പെടാവുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടെന്നും സമിതി വിലയിരുത്തി. ആയതിനാൽ റൺവേ വികസനത്തിന് ആവശ്യമായ സ്ഥലം അടിയന്തരമായി ഏറ്റെടുക്കുന്നതിനും 3 വില്ലേജുകളിലായി ഏകദേശം 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും നഷ്ട പരിഹാരത്തുക നൽകുന്നതിനും കുടിയൊഴിപ്പിക്കുന്നവർക്ക് വേണ്ടിയുള്ള പുനരധിവാസ പാക്കേജ് അടക്കമുള്ള പ്രവർത്തനങ്ങൾക്കുമായി 500 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ടോക്കൺ തുകയായി 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

7053—<u>സിവിൽ ഏവിയേഷനുള്ള വായ്പകൾ</u>

7053-02-190-99—<u>തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിക്കുള്ള വായ്പകൾ</u>

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായുള്ള തുക 7053-02-190-99 എന്ന ശീർഷകത്തിൽ വായ്പയായാണ് അനുവദിച്ചുവരുന്നതെന്ന് സമിതി മനസിലാക്കുന്നു. 20-8-2014-ലെ GO(Rt). 363/14/Triads ഭരണാനുമതി ഉത്തരവ് പ്രകാരം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി 18.53 ഏക്കർ ഭൂമി അടിയന്തരമായി ഏറ്റെടുത്ത് നൽകുന്നതിനും വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ എൽ.എ.ആർ. കേസുകളിൽ കോടതി വിധിപ്രകാരമുള്ള അധിക തുക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ലാത്തതിനാൽ 205 കോടി രൂപ 7053-02-190-99 Loans to TRIADS എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സർക്കാർ സ്വീകരിച്ച നടപടി

ടോക്കൺ തുകയായി 1000 രൂപ അനുവദിച്ചു. അധികമായി അനുവദിച്ച 5,14,70,149 രൂപ പൂർണമായി ചെലവഴിച്ചിട്ടുണ്ട്.

(ഖണ്ഡിക 126-129, സർക്കാർ കത്ത് നമ്പർ 695138/ഡി2/2016/ഗതാ., തീയതി 17-5-2017.)

## ഭാഗം-2

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ആകെ 129 ശിപാർശകളാണുണ്ടായിരുന്നത്. അതിൽ 104 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽ നിന്നും ലഭിച്ചു. 25 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത് :

| ശിപാർശ/ ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് |
|---|---|
| 1, 2, 3, 6, 7, 8, 9 | പൊതുഭരണ വകുപ്പ് |
| 17, 18, 92, 93 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് |
| 27-40 | ആഭ്യന്തര വകുപ്പ് |

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2017 മേയ് 17.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.